# നോം ചോംസ്കി

പ്രശസ്ത രാഷ്ട്രീയ ചിന്തകൻ, എഴുത്തുകാരൻ, ഭാഷാശാസ്ത്രവിദഗ്ധൻ എന്നീ നിലകളിൽ നോം ചോംസ്കി മലയാളികൾക്ക് പരിചിതനാണ്. "ശക്തിയാണ് ശരി" Might is Right എന്ന് സ്ഥാപിക്കപ്പെടുന്ന ഇക്കാലത്ത് ഏറ്റവും ശക്തരായ അമേരിക്കയിൽ നിന്നുതന്നെ ഏറ്റവും ശക്തമായ പ്രതിഷേധവും ഉയർന്നു വരുന്നതിന്റെ സൂചകമാണ് നോം ചോംസ്കി. വിയറ്റ്നാം യുദ്ധത്തിനെതിരായി അമേരിക്കയുടെ മനസ്സുണർത്തിയതിൽ ഒരു പ്രധാനപങ്ക് ചോംസ്കിക്കുണ്ട്. വിയറ്റ്നാം യുദ്ധത്തിൽ അമേരിക്കൻ പ്രസിഡണ്ട് മാപ്പു പറഞ്ഞത് അമേരിക്കക്കാരോടാണ്, യുദ്ധത്തിൽ മരണപ്പെട്ട അമേരിക്കൻ സൈനികരുടെ കുടുംബത്തോടാണ്. എന്നാൽ അദ്ദേഹം മാപ്പു പറയേണ്ടിയിരുന്നത് അമേരിക്ക കൊന്നൊടുക്കിയ പതിനായിരക്കണക്കിന് വിയറ്റ്നാംകാരുടെ കുടുംബത്തോടാണ്, ചോംസ്കി പറയുന്നു.

രണ്ടാം ലോക മഹായുദ്ധത്തിലെ കുറ്റങ്ങൾക്ക് ന്യൂറംബർഗ് വിചാരണ നടത്തിയതു പോലെ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ അമേരിക്ക നടത്തിയ യുദ്ധങ്ങൾക്ക് വിചാരണ നടത്തിയിരുന്നെങ്കിൽ എല്ലാ അമേരിക്കൻ പ്രസിഡണ്ടുമാരേയും പലപ്രാവശ്യം വധശിക്ഷയ്ക്ക് വിധേയരാക്കേണ്ടി വരുമായിരുന്നു. ആഗോളവൽക്കരണം എന്ന വാക്ക് ഇന്നിവിടെ നടത്തുന്ന സാമ്പത്തിക പ്രവർത്തനങ്ങൾക്ക് (അന്താരാഷ്ട്ര സാമ്പത്തിക ഉദ്ഗ്രഥനവും മുതലിറക്കവും കടം കൊടുക്കലും കമ്പോളവികസനവും അടക്കമുള്ളവർക്ക്) നൽകുന്നതുതന്നെ പരമാബദ്ധമാണ്. നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽനിന്നും പൊതുജനങ്ങളെ ഒഴിവാക്കേണ്ടതുണ്ട് എന്നതും നല്ല തീരുമാനങ്ങൾ എടുക്കുന്നതിന് ജനങ്ങൾക്ക് കഴിയില്ല എന്നതുമാണ് മുതലാളിത്തത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്നാണ് ഇ. എസ്. ഹെർമ്മോനും ചേർന്നെഴുതിയ ചോംസ്കിയുടെ സമ്മിതിയുടെ നിർമ്മിതി എന്ന പുസ്തകത്തിൽ പറയുന്നത്.

ഒരാഴ്ചയോളം കേരളത്തിൽ ചോംസ്കിയുണ്ടായിരുന്നെങ്കിലും തിരുവനന്തപുരത്ത് ഇ. എം. എസ്. അക്കാദമിയിലും എറണാകുളം മഹാരാജാസ് കോളേജിലും മാത്രമേ പൊതുപരിപാടികൾ ഉണ്ടായിരുന്നുള്ളൂ. കൊല്ലത്തു വന്നപ്പോൾ സംഘപരിവാർ നൽകിയ സ്വീകരണം വഴി അവരുടെ പ്രശസ്തി പല മടങ്ങായി.

"സോവിയറ്റ് യൂണിയനിൽ ഒരു മാർക്സിസ്റ്റ് ഭരണ കൂടമല്ല ഉണ്ടായിരുന്നതെന്ന്" ഇ. എം. എസ്. അക്കാദമിയിൽ വച്ച് നോം ചോംസ്കി പറഞ്ഞത് ഒരു പത്രലേഖകന് മനസ്സിലായി... തോന്നിപ്പായി. "ചോംസ്കി തീരെ ഇംപ്രസീവ് അല്ല" എന്ന് കൊച്ചിയിലെ ഒരു യുവപത്രപ്രവർത്തകന്റെ കമന്റ് കൂടി കേട്ടപ്പോൾ " മലയാളി ചോംസ്കിയുടെ ആശയങ്ങളിലല്ല, വീര സാഹസികതത്വത്തിലാണ് താല്പര്യമെടുക്കുന്നത്" എന്ന് പ്രൊഫ. എം. എൻ. വിജയൻ പറഞ്ഞത് ഓർത്തുപോയി.